## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3364.        24.02.2016 ൽ മറുപടിയ്ക്ക്.**

**ഹോളോഗ്രാം പതിച്ച സ്മാർട്ട് നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>,, സി.മോയിൻ കുട്ടി<br>,, റ്റി.എ.അഹമ്മദ് കബീർ<br>,, സി. മമ്മൂട്ടി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഒരേ നമ്പരിലും പെർമിറ്റിലും ഒന്നിലേറെ വാഹനങ്ങൾ നിരത്തിലിറക്കുന്ന തട്ടിപ്പുകൾ വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | വ്യാജ നമ്പരുകൾ പ്രദർശിപ്പിച്ച് വാഹനങ്ങൾ ഓടിക്കുന്നതായ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | വ്യാജ നമ്പരുകൾ പ്രദർശിപ്പിച്ച് വാഹനങ്ങൾ ഓടിക്കുന്നതായ 3 ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.<br>1. MH 4 GC 8248 എന്ന വ്യാജ നമ്പറിലുള്ള വാഹനം മോട്ടോർ വാഹന വകുപ്പ് കസ്റ്റഡിയിലെടുത്ത് മൂവാറ്റുപുഴ പോലീസിന് തുടർ നടപടിക്കായി കൈമാറിയിട്ടുണ്ട്.<br>2. KL 06 G 8855 എന്ന യഥാർത്ഥ നമ്പരായ അന്തർ സംസ്ഥാന കോൺട്രാക്ട് ക്യാരേജ് വാഹനം KA-01-AO-7857 എന്ന വ്യാജ നമ്പർ പ്രദർശിപ്പിച്ച് സർവ്വീസ് നടത്തിയത് ശ്രദ്ധയിൽ പെട്ടതിനാൽ ടി വാഹനത്തിനെതിരെ കേസെടുത്ത് തൃപ്പൂണിത്തുറ മരട് പോലീസ് കസ്റ്റഡിയിൽ കൈമാറിയിട്ടുണ്ട്.<br>3. 7.01.2016 ന് വാളായാർ ചെക്ക് പോസ്റ്റിൽ വച്ച് കെ എ 01 ഡി 3744 എന്ന കോൺട്രാക്ട് |

| | | | |
|---|---|---|---|
| | | | ക്യാരേജ് വാഹനം പിടിക്കുകയും, പോലീസിൽ ഏൽപ്പിക്കുകയും ചെയ്തു. വാഹനത്തിന്റെ ശരിയായ നമ്പർ കെ എ 01 എ ഡി 3726. ചെക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ ഹോളോഗ്രാം പതിച്ച സ്മാർട്ട് നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നമ്പർ പ്ലേറ്റിൽ (രജിസ്ട്രേഷൻ മാർക്ക്) കൃത്രിമങ്ങൾ കാണിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പ്രവണത ഇല്ലാതാക്കാനായി അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ (High Security Registration Plates) വാഹനങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ സംസ്ഥാന സർക്കാർ ക്ഷണിക്കുകയും തുടർനടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും ഇതിനെതിരെ M/s.Tonnjes Eastern Security Technologies, New Delhi ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ 13630-13631/2011-ൽ ബഹു. സുപ്രീം കോടതി 13.05.2011-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ദർഘാസ് നടപടികളിൽ 13.05.2011-ലെ സ്ഥിതി (status quo) തുടരാൻ ഉത്തരവായിരുന്നു. ടി സ്പെഷ്യൽ ലീവ് പെറ്റീഷനുകളിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയും തുടർന്ന് 11.01.2016-ൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവു പ്രകാരം 2011 മുതൽ 2012 വരെ ബഹു. സുപ്രീം കോടതി അതിസുരക്ഷാ നമ്പർ പ്ലേറ്റ് നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ച വിഷയത്തിൽ പുറപ്പെടുവിച്ച വിധികൾ അനുസരിച്ച് തീരുമാനം എടുക്കാൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ.